NAIP on

"Multi-Enterprise Farming Models to Address the Agrarian Crisis of Wayanad District of Kerala"

കുറ്റികുരുമുളക്

(Bush Pepper)

ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രം

(ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ)

കോഴിക്കോട് – 673012, കേരളം

കുറ്റികുരുമുളക്

പൈപ്പറേസ്യ കുടുംബത്തിൽപെട്ട കുരുമുളക് ചിരസ്ഥായിയായ ഒരു വിളയാണ്. താങ്ങു കാലുകളിൽ വളർന്ന് പടരുന്ന പാർശ്വശിഖിരങ്ങളാണ് കുറ്റികുരുമുളക് ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്നത്. കുറ്റികുരുമുളക് സാധാരണ കൃഷിസ്ഥലങ്ങളിലും തെങ്ങിൻ തോപ്പുകളിലും സ്ഥലപരിമിതിയുള്ളയിടങ്ങളിൽ വീടിന്റെ പൂന്തോട്ടങ്ങളിലും ടെറസ്സിലും വളർത്താവുന്നതാണ്. വർഷംതോറും വീട്ടാവശ്യത്തിനുള്ള പച്ചകുരു മുളക് ലഭ്യമാകും എന്നതാണ് ഈ കൃഷിയുടെ പ്രത്യേകത. കുറ്റി കുരുമുളകിന്റെ വിളവെടുപ്പ് സാധാരണ കുരുമുളകിനെ അപേക്ഷിച്ച് ചെലവ് കുറഞ്ഞതുമാണ്.

തൈ തയ്യാറാക്കുന്ന വിധം

പാർശ്വശിഖിരങ്ങൾ 20-30 മിനുട്ട് നേരം 0.2% വീര്യമുള്ള കോപ്പർ ഓക്സി ക്ലോറൈഡ് ലായനിയിൽ മുക്കിവയ്ക്കുന്നത് കുമിൾ രോഗബാധ കുറയ്ക്കും. അതിനു ശേഷം 3-4 മുട്ടുകളുള്ള കഷ്ണങ്ങളാക്കി മുറിച്ചെടുക്കുക. ഈ ശിഖിരങ്ങളുടെ അടിവശത്ത് മൂർച്ചയുള്ള കത്തി കൊണ്ട് ചരിച്ച് മുറിച്ച ശേഷം ആ ഭാഗം വേരുപിടിപ്പിക്കുന്നതിനുള്ള ഹോർമോണിൽ മുക്കി വെയ്ക്കുക. കൂടുതലായുള്ള ഹോർമോൺപൊടി നീക്കം ചെയ്ത ശേഷം ഈ ശിഖിരങ്ങൾ ഈർപ്പമുള്ള ചകിരിപ്പൊടി നിറച്ച പോളിത്തീൻ ബാഗിൽ നടുക. ഒരു ബാഗിൽ 3-4 ശിഖിരങ്ങൾ നടാം. ഈർപ്പം നഷ്ടപ്പെടാതിരിക്കാൻ ഈ ബാഗിന്റെ വായ് ഭാഗം ഒരു ചരടുപയോഗിച്ച് കെട്ടിയ ശേഷം തണലിൽ കെട്ടിതൂക്കിയിടുക. ഈ ബാഗുകൾ നല്ല രീതിയിൽ വേരുപിടിപ്പിക്കുന്നതിനും കൂടുതൽ ആരോഗ്യത്തോടെ തൈകൾ ലഭിക്കുന്നതിനും ഒരു ഈർപ്പ അറയായി പ്രവർത്തിക്കുന്നു. 45 മുതൽ 50 ദിവസമാകുമ്പോഴേക്കും ഏതാണ്ട് 5-6 വേരുകൾ ഉണ്ടാകുന്നു. ഈ സമയമാകുമ്പോൾ ബാഗ് തുറന്ന് ശിഖിരങ്ങൾ മൺ മിശ്രിതം (മണ്ണ്, മണൽ, ഉണങ്ങിയ ചാണകപ്പൊടി 1:1:1 എന്ന അനുപാതത്തിൽ കൂട്ടി കലർത്തിയത്) നിറച്ച പോളിത്തീൻ ബാഗുകളിലേക്ക് (25X10 സെ.മി.) മാറ്റി നട്ടതിനുശേഷം തണലിൽ വെച്ച ചെടികൾക്ക് ആവശ്യത്തിനു ജലസേചനം നൽകുക. രണ്ടോ മൂന്നോ മാസം കഴിയുമ്പോഴേക്കും ഇവ നല്ല വേരുകളുള്ള കുറ്റികുരുമുളക് തൈകളായിതീരുന്നു. ഇവ വലിയ ചട്ടികളിലും തോട്ടങ്ങളിലും നടാവുന്നതാണ്. കുഴികൾ/ചട്ടികൾ നിറയ്ക്കുന്നതിനുള്ള മിശ്രിതത്തിൽ ട്രൈക്കോഡെർമ ഹാർസിയാനം (ചെടി ഒന്നിന് 10 ഗ്രാം വീതം) ചേർക്കേണ്ടതാണ്.

ചകിരിച്ചോറിനു പകരം തുല്യാനുപാതത്തിൽ കൂട്ടിചേർത്ത മൺ മിശ്രിതം ഉപയോഗിച്ചു വേരുപിടിപ്പിക്കുന്ന രീതിയും നിലവിലുണ്ട്. ഇതനുസരിച്ച് 25X10 സെ.മി. വലിപ്പമുള്ള മൺമിശ്രിതം നിറച്ച ബാഗുകളിൽ മൂന്ന് മുട്ടുകളുള്ള പാർശ്വശിഖിരങ്ങൾ നടുന്നു. അതിനു ശേഷം പോളിത്തീൻ ബാഗിലെ ചെടികൾ നല്ലവണ്ണം നനയ്ക്കണം. ബാഗുകൾ അടുക്കി വെച്ചതിനു ശേഷം ചെറിയ പോളിടെന്റ് ഉപയോഗിച്ച് ചെടികൾ മൂടണം. 45 ദിവസത്തിനു ശേഷം വേരുപിടിച്ച തൈകൾ തോട്ടത്തിലേക്കോ ചട്ടികളിലേക്കോ മാറ്റി നടാം. കുഴികൾ/ചട്ടികൾ നിറയ്ക്കുന്ന മിശ്രിതത്തിൽ ട്രൈക്കോഡർമ ഹർസിയാനം (ചെടി ഒന്നിന് 10 ഗ്രാം) വാം (ചെടി ഒന്നിന് 10 ഗ്രാം വീതം) എന്നിവ ഇട്ടുകൊടുക്കുന്നത് വേരുചീയൽ രോഗം തടയുവാൻ സഹായിക്കും.

ചട്ടിയിൽ നടുന്ന വിധം

സെപ്തംബർ മാസം മുതൽ ജനുവരി മാസം വരെയുള്ള കാലയളവാണ് പാർശ്വശിഖിരങ്ങൾ വേരു പിടി പിക്കുന്നതിന് അനുയോജ്യം. കുറ്റികുരുമുളക് ചെടികൾ ഏകദേശം 10 കിലോ മൺമിശ്രിതം (മണ്ണ്, മണൽ, ചാണകപ്പൊടി എന്നിവ തുല്യഅനുപാതത്തിൽ കൂട്ടികലർത്തിയത്) നിറച്ച ചട്ടിയിലേക്ക് മാറ്റി നടുക. നട്ടതിനു ശേഷം പുതയിട്ട് ദിവസേന രണ്ടുനേരം നനയ്ക്കണം. ഇവ രണ്ട് ആഴ്ചയെങ്കിലും തണലിൽ വയ്ക്കണം. മൂന്നുമാസത്തിനു ശേഷം ഈ ചെടികൾ പൂന്തോട്ടങ്ങളിൽ വെയ്ക്കാവുന്നതാണ്.

നിലത്ത് നടുന്ന വിധം

2X2 മീറ്റർ അകലത്തിൽ അര മീറ്റർ സമചതുരത്തിലുള്ള കുഴികൾ എടുത്ത് മേൽ മണ്ണ്, കമ്പോസ്റ്റ്, അല്ലെങ്കിൽ ചാണകം, സമമായി ചേർത്ത് കുഴികൾ നിറയ്ക്കുക അതിൽ തൈകൾ നടുക. ഒരു ഹെക്ടറിൽ 2500 തൈകൾ നടാം. ചെടികൾക്ക് തണൽ നൽകുന്നതിനായി 6 മീറ്റർ അകലത്തിൽ തണൽ വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കേണ്ടതാണ്. 7.5 മീറ്റർ അകലത്തിൽ നട്ടിട്ടുള്ള തെങ്ങിൻ തോട്ടത്തിൽ 2X1.8 മീ. അകലത്തിൽ കുറ്റികുരുമുളക് നടാവുന്നതാണ്.

ചട്ടിയിൽ വളരുന്ന കുറ്റികുരുമുളക്

പരിപാലനം

വർഷത്തിൽ ഒരിക്കൽ ഒരു ചട്ടിയിൽ 100 ഗ്രാം ഉണക്കി പ്പൊടിച്ച ചാണകം, രണ്ടു മാസത്തിലൊരിക്കൽ രണ്ടു ഗ്രാം യൂറിയ, മൂന്ന് ഗ്രാം സൂപ്പർ ഫോസ്ഫേറ്റ്, മൂന്നു ഗ്രാം മ്യൂറിയേറ്റ് പൊട്ടാഷ് എന്നിവ കൂട്ടി കലർത്തി വളം ചെയ്യാം. രാസവളത്തിനു പകരം 15 ഗ്രാം അഥവാ ഒരു ടേബിൾ സ്പൂൺ കടലപ്പിണ്ണാക്ക് ചേർത്താലും മതി. നിലത്ത് നട്ട ചെടിയ്ക്ക് വർഷത്തിലൊരിക്കൽ അഞ്ച് കിലോ ചാണകവും, നാല് മാസത്തിലൊരിക്കൽ 20 ഗ്രാം യൂറിയ, 25 ഗ്രാം സൂപ്പർ ഫോസ്ഫേറ്റ്, 30ഗ്രാം പൊട്ടാഷ് എന്നിവയും നൽകാവുന്നതാണ്. നനയ്ക്കുന്നതിന് ചട്ടി ഒന്നിന് മൂന്ന് ദിവസത്തിലൊരിക്കൽ 3.5 ലിറ്റർ വെള്ളം വേണ്ടിവരും. തെങ്ങിൻതോപ്പിൽ വളരുന്ന കുറ്റികുരുമുളകിന് ദിവസേന 8 ലിറ്റർ വെള്ളം കണിക ജലസേചന രീതി മുഖേന നൽകേണ്ടതാണ്. വർഷത്തിൽ രണ്ടു പ്രാവശ്യം (ജൂൺ, സെപ്തംബർ) ദശാംശം രണ്ട് ശതമാനം വീര്യമുള്ള കോപ്പർ ഓക്സിക്ലോറൈഡ് ചെടി ഒന്നിന് 100 മില്ലി ലിറ്റർ എന്നതോതിൽ നിലത്തു വളരുന്ന ചെടികൾക്കും ചട്ടിയിലെ ചെടികൾക്കും ഒഴിച്ചുകൊടുക്കണം, മാസത്തിലൊരിക്കൽ അക്കോമിൻ മൂന്ന് മില്ലിലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചെടികൾക്ക് തളിക്കുന്നത് രോഗങ്ങൾ വരുന്നത് തടയും.

കുറ്റികുരുമുളക്
Bush Pepper

ലേഖനം
സി.കെ. തങ്കമണി
ടി.കെ. ജേക്കബ്
കെ.എൻ. ശിവ
ആർ. ദിനേശ്
ഡെലിൻ ദാമോദരൻ

പ്രസാധകർ
വി.എ. പാർത്ഥസാരഥി, ഡയറക്ടർ,
ഭാരതീയ സുഗന്ധവിള ഗവേഷണകേന്ദ്രം, കോഴിക്കോട് - 673 012, കേരളം

ഡയറക്ടർ (റിസർച്ച്), കേരള കാർഷിക സർവ്വകലാശാല,
വെള്ളാനിക്കര, തൃശ്ശൂർ, കേരളം

മാർച്ച് 2009

പകർപ്പുകളുടെ എണ്ണം
1500

കവർ
എ. സുധാകരൻ

ഫോട്ടോ കടപ്പാട്
ഡയറക്ടർ, ഐ.ഐ.എസ്.ആർ. കോഴിക്കോട്

പ്രിന്റിംഗ്
കെ.ടി. പ്രിന്റേഴ്സ്, മുക്കം

LEAD CENTRE:
Kerala Agricultural University

CO-OPERATING CENTRES :
Indian Institute of Spices Research (ICAR)
Regional Coffee Research Station
District Panchayath Wayanad
Wayanad Social Service Society
Vegetable & Fruit Promotion Council